# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ശ്രീ. ഷാനവാസ് എസ്, ഐ.എ.എസ്)

**വിഷയം: പ്ലസ്‌വൺ അഡ്മിഷൻ – അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി-പ്ലസ്‌വൺ പഠനത്തിന് സമീപ സ്കൂളിൽ സൗകര്യം ഒരുക്കുന്നതിനായി-സ്കൂൾ ട്രാൻസ്ഫർ/അഡ്മിഷൻ അനുവദിച്ച് ഉത്തരവാകുന്നത് –സംബന്ധിച്ച്**

| | |
|---|---|
| നംബർ. **ICT Cell/1771/1/DGE_HSE/2023** | **26/09/2023** |

പരാമർശം :1) **2023–24 ലെ പ്രോസ്പക്ടസ്**

2) **23/09/2023 ലെ LSGD/PD/49410/2023-**EMP2 നമ്പർ പ്രിൻസിപ്പൽ ഡയറക്ടറുടെ തുടർ ഇ-മെയിലിലൂടെ ലഭിച്ച ലിസ്റ്റ്

## ഉത്തരവ്

2023–24 അധ്യയന വർഷത്തെ പ്ലസ്‌വൺ പ്രവേശനത്തിനായുള്ള പ്രോസ്പക്ടസിൻെറ അടിസ്ഥാനത്തിൽ മുഖ്യഘട്ടത്തിൽ മൂന്ന് അലോട്ട്മെൻറുകളും സപ്ലിമെൻററി ഘട്ടത്തിൽ മൂന്ന് അലോട്ട്മെൻറുകളും രണ്ട് സ്പോട്ട് അഡ്മിഷനും പൂർത്തീകരിക്കുകയുണ്ടായി. ഇതിനുപുറമേ സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിനുള്ള രണ്ട് അവസരവും നൽകിയിരുന്നു. ഈ അധ്യയന വർഷത്തെ പ്രവേശന നടപടികൾ 2023 ആഗസ്റ്റ് 25 ന് പൂർത്തീകരിക്കുകയുണ്ടായി.

പരാമർശം 2 പ്രകാരം തദ്ദേശ ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ഇ-മെയിലിലൂടെ മലപ്പുറം, ആലപ്പുഴ ജില്ലകളിലെ അതിദരിദ്ര പട്ടികയിൽപ്പെട്ട ഒൻപത് വിദ്യാർത്ഥികളുടെ ലിസ്റ്റ് വിശദമായി പരിശോധിച്ചു. ഏകജാലക സംവിധാനത്തിൽ അപേക്ഷിച്ച ലിസ്റ്റിൽ ഉൾപ്പെട്ട പ്രവേശനം ലഭിക്കാത്ത അഞ്ച് വിദ്യാർത്ഥികൾക്ക് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത തരത്തിൽ ആവശ്യമുള്ളിടത്ത് അധിക സീറ്റ് സൃഷ്ടിച്ച് തുടർപഠനം ഉറപ്പാക്കുന്നതിനായി സർക്കാരിൻെറ സാധൂകരണത്തിന് വിധേയമായി പ്രവേശനം അനുവദിച്ച് ഉത്തരവാകുന്നു. പ്രവേശനാനുമതി നൽകിയിട്ടുള്ള വിദ്യാർത്ഥികളുടെ വിവരങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്.

**അതത് പ്രിൻസിപ്പൽമാർ ഇത്തരത്തിൽ പ്രവേശനാനുമതി നൽകിയിട്ടുള്ള വിദ്യാർത്ഥികൾക്ക് പ്രോസ്പക്ടസിൽ പ്രതിപാദിച്ചിരിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾ ഉറപ്പാക്കി പ്രവേശനം പൂർത്തിയാക്കേണ്ടതാണ്.** ഇത്തരത്തിൽ പ്രവേശനം നൽകുന്ന വിദ്യാർത്ഥികളുടെ പ്രവേശന വിവരങ്ങൾ (വിദ്യാർത്ഥികളുടെ അഡ്മിഷൻ നമ്പർ, അഡ്മിഷൻ നൽകിയ രീതി, അപേക്ഷാ നമ്പർ (ഏകജാലക അപേക്ഷാനമ്പറാണ് നൽകേണ്ടത്), അഡ്മിഷൻ നൽകിയ തീയതി, വിഷയ കോംബിനേഷൻ (കോഡ് സഹിതം), അക്കൗണ്ടൻസി വിഷയങ്ങളുണ്ടെങ്കിൽ AFS അല്ലെങ്കിൽ CA എന്നത്, രണ്ടാം ഭാഷ, പ്രവേശനം നൽകിയതിനാധാരമായ ഉത്തരവുകളുടെ

പകർപ്പ്, പ്രിൻസിപ്പലിന്റെ റിപ്പോർട്ട്, യോഗ്യതാ സർട്ടിഫിക്കറ്റ്, **അഡ്മിഷൻ രജിസ്റ്ററിന്റെ നിർദ്ദിഷ്ട പേജ്** എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ **കോ-ഓഡിനേറ്റർ, ഐ.സി.റ്റി. സെൽ (ഹയർസെക്കൻഡറി വിദ്യാഭ്യാസം),** എസ്.സി.ഇ.ആർ.റ്റി ഗസ്റ്റ് ഹൗസ് കാമ്പസ്**, പൂജപ്പുര, തിരുവനന്തപുരം-12** എന്ന വിലാസത്തിൽ തപാലിൽ അയക്കണം. **അതിനു ശേഷം ഐ.സി.റ്റി. സെല്ലിൽ നിന്നുള്ള നിർദ്ദേശപ്രകാരം വിദ്യാർത്ഥിയെ കേന്ദ്രീകൃത പ്രവേശന രജിസ്ട്രിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്കൂളധികൃതർ സ്വീകരിക്കേണ്ടതാണ്.**

ഒപ്പ്/-

പൊതുവിദ്യാഭ്യാസ ഡയറക്ടർ

<u>അംഗീകാരത്തോടെ</u>

<u>ഐ.സി.റ്റി . കോർഡിനേറ്റർ</u>

## അനുബന്ധം

| ApplicationNo | RegistrationNo | Name | School | Course Code |
|---|---|---|---|---|
| 2311113171 | 340268 | MUHAMMAD SUMAISH P | CPPHM Higher Secondary School, Vellachal, Ozhur(11220) | 1 |
| 2311175695 | 334545 | MUHAMMED RIFSHAD T | GOVT HSS,THIRURANGADI,MALAPPURAM(11006) | 10 |
| 2311165535 | 345496 | MUHAMMED SADI | GOVT. HSS, PUTHUPARAMBA, MALAPPURAM(11160) | 39 |
| 2304117955 | 184203 | PRINCE T H | SD VB HSS,ALAPPUZHA(4052) | 39 |
| 2311170655 | 378946 | SABIN P P | Kunhimon Haji Memorial Higher Secondary School, Alathiyur(11221) | 1 |